**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2858** **12-07-2022 - ൽ മറുപടിയ്ക്ക്**

**കോരപ്പുഴ അഴിമുഖത്ത് അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖത്ത് ഡ്രഡ്ജിംഗ് നടത്തി അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ തൽസ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കോരപ്പുഴയുടെ അഴിമുഖത്ത് നടപ്പിലാക്കുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് വേണ്ടി 25/02/2022 -ൽ കരാർ ഉടമ്പടി വെക്കുകയും 04/03/2022 ന് സ്ഥലം കൈമാറുകയും ചെയ്തിട്ടുള്ളതാണ്. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ട തിനാൽ ഡ്രഡ്ജ് ചെയ്യേണ്ടതുക്കേണ്ട മണ്ണിന്റെ quantity കണക്കാക്കുന്ന തിനുവേണ്ടി hydrographic survey നടത്താൻ Chief Hydrographer 7,63,084/- രൂപയുടെ Invoice ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ക്ക് സമർപ്പി ച്ചിട്ടുണ്ട്. ആയതിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രവൃത്തി അടിയന്തരമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | മേൽ പ്രവൃത്തിയുടെ site hand over 04/03/2022-ന് നടപ്പാക്കിയതിനുശേഷം 24/03/2022-ന് സ്ഥലം എം.എൽ.എ ബഹു. വനംവകുപ്പുമന്ത്രി ശ്രീ. എ.കെ ശശീന്ദ്രൻ, അവർകളുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട് കളക്ടറുടെ സാന്നിധ്യത്തിൽ ഇറിഗേഷൻ വകുപ്പ് ഓഫീസർമാരും കരാറുകാരനും കോരപ്പുഴ സംയുക്ത സംരക്ഷണസമിതി പ്രതിനിധികളും കൂടി യോഗം ചേർന്ന് പ്രവൃത്തി എത്രയും പെട്ടെന്ന് നടപ്പാക്കാൻ വേണ്ട തീരുമാനം എടുത്തിട്ടുണ്ട്. അഴിമുഖത്ത് പ്രവൃത്തി നടപ്പിലാക്കേണ്ടതിനാൽ കാലവർഷം അവസാനത്തോടെ കാലാവസ്ഥ അനുകൂലമാവുന്നതിനനുസരിച്ച് ആഗസ്റ്റ് സെപ്റ്റംബർ മാസത്തോടെ പ്രവൃത്തി ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ